**പതിമൂന്നാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

**പത്തൊൻപതാമത് റിപ്പോർട്ട്**

(2014 ഫെബ്രുവരി 3-ാം തീയതി സമർപ്പിച്ചത്)

2005-ലെ The Private Security Agencies (Regulation) Act-ൻകീഴിൽ
പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധനയും
അതിലെ വ്യവസ്ഥകൾ കേരള സംസ്ഥാനത്ത്
നടപ്പിലാക്കുന്നതും സംബന്ധിച്ച
റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

**പത്തൊൻപതാമത് റിപ്പോർട്ട്**

(2014 ഫെബ്രുവരി 3-ാം തീയതി സമർപ്പിച്ചത്)

2005-ലെ The Private Security Agencies (Regulation) Act–ൻ കീഴിൽ
പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധനയും
അതിലെ വ്യവസ്ഥകൾ കേരള സംസ്ഥാനത്ത്
നടപ്പിലാക്കുന്നതും സംബന്ധിച്ച
റിപ്പോർട്ട്

462/2014.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |
| അനുബന്ധം | .. 14 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)

### ഘടന

ചെയർമാൻ :

ശ്രീ. എം. ഉമ്മർ

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എം. നാരായണൻ പോറ്റി, അഡീഷണൽ സെക്രട്ടറി

,, ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2011-2014) അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സ്വകാര്യ സെക്യൂരിറ്റി ഏജൻസികളെ നിയന്ത്രിക്കുന്നതിനും സെക്യൂരിറ്റി ജീവനക്കാർ പോലീസിന്റെ കർത്തവ്യങ്ങളിലേക്ക് കടന്നുകയറുന്നത് തടയുന്നതിനും, ക്രിമിനൽ പശ്ചാത്തലമുള്ളവർ സെക്യൂരിറ്റി ജീവനക്കാരായി പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും സ്വകാര്യ സെക്യൂരിറ്റി ഏജൻസികൾക്ക് നിയമപരമായ ഒരു ചട്ടക്കൂട്ടിൽനിന്ന് പ്രവർത്തിക്കാനുതകുന്ന രീതിയിൽ നിയമനിർമ്മാണം ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് 2005-ലെ ദി പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (റെഗുലേഷൻ) ആക്റ്റ് പാസ്സാക്കിയത്. സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്കുംകൂടി ഗുണകരമാകുന്ന ഈ നിയമം പ്രാവർത്തികമാക്കുന്നതിൽ കേരളം പിന്നാക്കം നിൽക്കുകയാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി ഈ ആക്റ്റിന്റെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ പഠനവിധേയമാക്കാൻ തീരുമാനിച്ചത്.

2005-ലെ ദി പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (റെഗുലേഷൻ) ആക്റ്റ്-ലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടോ എന്നു വിലയിരുത്തുന്നതിനും പ്രായോഗികതലത്തിൽ പോരായ്മകൾ അനുഭവപ്പെടുന്നു ണ്ടോയെന്നു മനസ്സിലാക്കുന്നതിനുമായി ആഭ്യന്തരം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽനിന്നും ഈ മേഖലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാരിൽനിന്നും അവരുടെ സംഘടനകളിൽനിന്നും സെക്യൂരിറ്റി ഏജൻസികൾ നടത്തുന്നവരിൽനിന്നും തെളിവെടുപ്പ് നടത്തുന്നതിനായും, പൊതുജനങ്ങൾ, സാമൂഹികപ്രവർത്തകർ എന്നിവരിൽ നിന്നും അഭിപ്രായങ്ങൾ ആരായുന്നതിനുമായി സമിതി കണ്ണൂരിൽ 12-3-2013-നും എറണാ കുളത്ത് 6-6-2013-നും യോഗം ചേരുകയുണ്ടായി. കണ്ണൂർ, എറണാകുളം എന്നിവിടങ്ങളിൽ യോഗം ചേർന്നതിനുശേഷം അവിടങ്ങളിൽനിന്ന് കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് 29-5-2013-ന് യോഗംചേർന്ന് വിശകലനം നടത്തുകയും നിയമത്തിലെ വ്യവസ്ഥകൾ നിറവേറ്റപ്പെടാതെ പോകുന്നതിനുള്ള കാരണങ്ങൾ ആഭ്യന്തരം, തൊഴിലും പുനരധിവാസവും, നിയമം എന്നീ വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായി ചർച്ച ചെയ്യുകയുമുണ്ടായി. 29-5-2013-ന് തിരുവനന്തപുരത്തു ചേർന്ന യോഗത്തിൽ 2006-ൽ നിലവിൽവന്ന ആക്റ്റിന് സംസ്ഥാനത്ത് 2010-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചുവെങ്കിലും അവയുടെ നടത്തിപ്പ് ശൈശവദശയിലാണെന്ന് സമിതിക്ക് ബോദ്ധ്യമായി. ഈ വിഷയത്തിൽ സമിതി നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സമിതി നടത്തിയ തെളിവെടുപ്പുയോഗങ്ങളിൽ ഹാജരായി സമിതിക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയ ഉദ്യോഗസ്ഥൻമാരുടെ പേരുവിവരം ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

2014 ജനുവരി 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,

*ചെയർമാൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,

2014 ഫെബ്രുവരി 3.

**2005-ലെ The Private Security Agencies (Regulation) Act-ൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ സംബന്ധിച്ച റിപ്പോർട്ട്**

ഇന്ത്യയിൽ ധാരാളം വ്യവസായസ്ഥാപനങ്ങളും ബിസിനസ്സ് സംരംഭങ്ങളും ഉയർന്നുവന്ന സാഹചര്യത്തിൽ അവയുടെ സുരക്ഷയ്ക്കായി സ്വകാര്യ സെക്യൂരിറ്റികളെ ഏർപ്പെടുത്തുന്നത് ആവശ്യമായി വരികയും തൽഫലമായി സ്വകാര്യ സെക്യൂരിറ്റി ഏജൻസികൾ ധാരാളമായി തുടങ്ങുന്ന അവസ്ഥ സംജാതമാകുകയും ചെയ്തു. വ്യവസായ ബിസിനസ് സ്ഥാപനങ്ങളുടെ സുരക്ഷയിൽ സ്വകാര്യ സെക്യൂരിറ്റി ഏജൻസികൾ നല്ലൊരു പങ്ക് വഹിക്കുന്നുണ്ടെങ്കിലും, പല ഏജൻസികളുടെയും നടത്തിപ്പ് സംബന്ധിച്ച് പ്രത്യേകിച്ച് അവിടെ സെക്യൂരിറ്റി ജീവനക്കാരായി നിയമിതരാവുന്നവരുടെ പൂർവ്വചരിത്രവും ക്രിമിനൽ പശ്ചാത്തലവും കണക്കിലെടുക്കാത്തത് പിൽക്കാലത്ത് സുരക്ഷാഭീഷണിയായി മാറിത്തുടങ്ങി. കൂടാതെ, സെക്യൂരിറ്റി മേഖലയിലേക്ക് അന്താരാഷ്ട്ര ഏജൻസികളുടെ കടന്നുകയറ്റവുമുണ്ടായി. ഇത് രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്ക് ഭീഷണി ഉയർത്തിയേക്കാമെന്ന ചിന്ത ഉടലെടുക്കുന്നതിന് നിദാനമായി. ഈ സാഹചര്യങ്ങളിൽ, സ്വകാര്യ സെക്യൂരിറ്റി ഏജൻസികളെ നിയന്ത്രിക്കുന്നതിനും സെക്യൂരിറ്റി ജീവനക്കാർ പോലീസിന്റെ കർത്തവ്യങ്ങളിലേക്ക് കടന്നുകയറുന്നത് തടയുന്നതിനും, ക്രിമിനൽ പശ്ചാത്തലമുള്ളവർ സെക്യൂരിറ്റി ജീവനക്കാരായി നിയമിതരാകുന്ന/പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും സ്വകാര്യ സെക്യൂരിറ്റി ഏജൻസികൾക്ക് നിയമപരമായ ഒരു ചട്ടക്കൂട്ടിൽനിന്ന് പ്രവർത്തിക്കാനുതകുന്ന രീതിയിൽ നിയമനിർമ്മാണം ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് 2005-ലെ ദി പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (റെഗുലേഷൻ) ആക്റ്റ് പാസ്സാക്കിയത്.

2. 15-3-2006 മുതൽ പ്രാബല്യം നൽകിയ ഈ നിയമത്തിൽ സംസ്ഥാന സർക്കാരിന്റെ ആഭ്യന്തരവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന/പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾക്ക് ലൈസൻസ് നൽകുന്നതിനായി ചുമതലപ്പെടുത്തിക്കൊണ്ട് വ്യവസ്ഥചെയ്യുന്നു. കൂടാതെ, സ്വകാര്യ സെക്യൂരിറ്റി ഏജൻസികളെ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുംവേണ്ടി ഉണ്ടാക്കിയിട്ടുള്ള പ്രസ്തുത നിയമത്തിൽ സ്വകാര്യ സെക്യൂരിറ്റി ഏജൻസികൾക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ചും, ലൈസൻസ് നൽകേണ്ട വ്യവസ്ഥകളെയും, ഏജൻസികൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, അവിടെ ജോലിചെയ്യുന്ന സെക്യൂരിറ്റി ഗാർഡുകൾ, സൂപ്പർവൈസർമാർ തുടങ്ങിയവരുടെ യോഗ്യത, സാമൂഹ്യപശ്ചാത്തലം എന്നിവയെക്കുറിച്ചും വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു.

3. ഇന്ത്യയിൽ 13 സംസ്ഥാനങ്ങളിൽ 2007, 2008, 2009 എന്നീ വർഷങ്ങളിൽ ആക്റ്റനുസരിച്ചുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കുകയും വളരെ ഫലപ്രദമായി നടപ്പാക്കി തുടങ്ങുകയും ചെയ്തു. കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടിൽ 2008-ലും കർണ്ണാടകയിൽ 2009-ലും കേന്ദ്ര മോഡൽ റൂൾസിനെ അടിസ്ഥാനമാക്കി ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ, കേരളത്തിൽ എസ്.ആർ.ഒ. നമ്പർ 589/2010 മുഖേന ചട്ടങ്ങൾ പുറപ്പെടുവിച്ചത് 2010 ജൂൺ 18-ന് മാത്രമാണ്. സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്കുംകൂടി ഗുണകരമാകുന്ന ഈ നിയമം പ്രാവർത്തികമാക്കുന്നതിൽ കേരളം

പിന്നാക്കം നിൽക്കുകയാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014) 5-3-2013-ലെ യോഗത്തിൽ ഈ ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ച വേണമെന്ന തീരുമാനത്തിലെത്തിയത്. കൂടാതെ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അർഹിക്കുന്ന സേവന-വേതന വ്യവസ്ഥകൾ ലഭിക്കുന്നില്ല എന്നതും പലരും ചൂഷണത്തിന് വിധേയരാവുന്നു എന്ന വാർത്തകളും സമിതി ഇത് സംബന്ധിച്ച വിശദമായ പഠനം വേണമെന്ന തീരുമാനത്തിലെത്തിച്ചേരുന്നതിന് കാരണമായി.

4. ആക്റ്റിൻകീഴിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 710/2007, 874/2008, 589/2010, 113/2011, 547/2011, 216/2013 എന്നീ എസ്.ആർ.ഒ.-കൾ സമിതി പരിശോധിക്കുകയും, കൺട്രോളിംഗ് അതോറിറ്റിയെ വിജ്ഞാപനം ചെയ്തുകൊണ്ടുള്ള എസ്.ആർ.ഒ.-കളിൽപ്പോലും അപാകതയുള്ളതായി മനസ്സിലാക്കുകയും ചെയ്തു. തുടർന്ന് 12-3-2013-ൽ കണ്ണൂർ ജില്ല സന്ദർശിക്കുകയും, ജില്ലാ പോലീസ് അധികാരികളിൽ നിന്ന് തെളിവെടുക്കുകയും, പ്രസ്തുത ജില്ലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരിൽനിന്ന് നിവേദനങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു.

5. കണ്ണൂർ നേവൽ അക്കാഡമിയിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഏജൻസി യാണ് ഇപ്പോൾ സെക്യൂരിറ്റി ജീവനക്കാരെ നൽകുന്നതെന്നും, പുതിയ ഏജൻസി ഏറ്റെടുത്തതിനുശേഷം, മുൻപ് ലഭിച്ചിരുന്ന ശമ്പളത്തിൽ 1500-ഓളം രൂപ കുറവ് വന്നെന്നും, മിനിമം വേതനം ദിവസം 350 രൂപ നൽകണമെന്നാവശ്യപ്പെടുകയും, അവർ അടച്ച പി.എഫ്. തുകയ്ക്ക് ആനുപാതികമായി കമ്പനി വിഹിതമായി മുൻപ് നൽകിയിരുന്ന 13.2% ആനുകൂല്യം ഇപ്പോൾ അടയ്ക്കുന്നില്ലായെന്ന പരാതി ഉന്നയിച്ചപ്പോൾ 15 വർഷത്തോളം അവിടെ സെക്യൂരിറ്റി ജീവനക്കാരായി ജോലിചെയ്തിരുന്ന 140 പേരെ പിരിച്ചുവിട്ടതായി സെക്യൂരിറ്റി ജീവനക്കാർ സമിതിമുമ്പാകെ ബോധിപ്പിച്ചു. സെക്യൂരിറ്റി ഏജൻസികൾ പലതും സെക്യൂരിറ്റി ജീവനക്കാരെ നൽകുന്നതിന് 8,000-10,000 രൂപവരെ വാങ്ങുന്നുണ്ടെന്നും, എന്നാൽ, ജീവനക്കാർക്ക് 4,000-5,000 രൂപ വരെ മാത്രമാണ് നൽകുന്നതെന്നും, ജോലിസമയം എട്ടു മണിക്കൂറായി ക്ലിപ്തപ്പെടുത്തി യിട്ടില്ലെന്നും, പലപ്പോഴും പന്ത്രണ്ടു മണിക്കൂറിൽ കൂടുതൽ സമയം ജോലിചെയ്യേണ്ടി വരുന്നുണ്ടെന്നും, തുടർച്ചയായി നൈറ്റ് ഡ്യൂട്ടി നൽകുന്ന അവസ്ഥയുണ്ടെന്നും സെക്യൂരിറ്റി ജീവനക്കാർ സമിതിമുമ്പാകെ ബോധിപ്പിച്ചു. ഈ രംഗത്ത് വ്യാപകമായ ചൂഷണം നടക്കുന്നുണ്ടെന്നും, ഇതര സംസ്ഥാനക്കാരെ നിയമിക്കുമ്പോൾ അവർക്ക് കുറഞ്ഞ വേതനം നൽകിയാൽ മതിയെന്നും, ജോലിസമയത്തിൽ ക്ലിപ്തത വേണ്ടെന്നുള്ളതും അത്തരക്കാരെ വ്യാപകമായി റിക്രൂട്ട് ചെയ്യുന്ന അവസ്ഥയിലേക്ക് കൊണ്ടുവന്നെത്തി ച്ചിട്ടുണ്ടെന്നും അവർ തുടർന്നറിയിച്ചു.

6. ജില്ലയിൽ എത്ര സെക്യൂരിറ്റി ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്നും, ലൈസൻസില്ലാതെ സെക്യൂരിറ്റി ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, 13 പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുകയും, അവയുടെ പട്ടിക സമിതിമുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഏജൻസികൾ ജില്ലയിൽ പ്രവർത്തിക്കുന്നതിന് തടസ്സമുണ്ടോയെന്ന് ചോദിച്ചുകൊണ്ട് എ.ഡി.ജി.പി.-യുടെ കത്ത് വരുമ്പോൾ പ്രവർത്തിക്കുന്നതിന് തടസ്സമില്ലായെന്ന് പറയാൻ മാത്രമേ സാധിക്കുകയുള്ളൂ എന്നും പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾ നടത്തുന്നവരെ

കുറിച്ചോ, ഏജൻസികളിലെ ജീവനക്കാരെക്കുറിച്ചോ അന്വേഷണം ഒന്നും നടത്താറില്ലെന്നും ജീവനക്കാരിൽ ക്രിമിനൽ പശ്ചാത്തലം ഉള്ളവരുണ്ടോയെന്ന് പ്രത്യേകമായി അന്വേഷണം നടത്താൻ ഉയർന്ന ഉദ്യോഗസ്ഥരിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിമുമ്പാകെ വ്യക്തമാക്കുകയുണ്ടായി. ജില്ലയിൽനിന്നും എൻ.ഒ.സി. വാങ്ങുന്നതല്ലാതെ കൺട്രോളിംഗ് അതോറിറ്റി ജില്ലാ പോലീസ് മേധാവിക്ക് ആക്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു.

7. ഈ രംഗത്ത് ജോലിചെയ്യുന്നവർ ഒരർത്ഥത്തിലല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ ചൂഷണത്തിന് വിധേയരാകുന്നതായി സമിതി കണ്ടെത്തി. ഇവർക്ക് ആവശ്യമായ സംരക്ഷണമോ ആനുകൂല്യമോ ലഭിക്കുന്നില്ലായെന്ന അവസ്ഥ നിലനിൽക്കുന്നതായും, നിയമിച്ചവരിൽ നിന്നുതന്നെ പലപ്പോഴും ചൂഷണം നേരിടേണ്ടിവരുന്നതായും അന്യസംസ്ഥാനക്കാരെ അവരുടെ ക്രിമിനൽ പശ്ചാത്തലം അന്വേഷിക്കാതെ നിയമിക്കുന്ന സ്ഥിതിയുണ്ടെന്നും സമിതി മനസ്സിലാക്കി. എന്നാൽ, നിശ്ചിതയോഗ്യത ഇല്ലാത്തവരും സെക്യൂരിറ്റി ജീവനക്കാരായി നിയമിക്കപ്പെടുന്നു എന്ന വസ്തുത നിലവിലുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

8. തുടർന്ന് സമിതി ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനും ഈ ആക്റ്റിന്റെ നടത്തിപ്പ് സംബന്ധിച്ച് സമിതിക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി ആഭ്യന്തരം, തൊഴിലും-പുനരധിവാസവും, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽനിന്നും 29-05-2013-ന് തെളിവെടുക്കുകയുണ്ടായി. 2006-ൽ നിലവിൽവന്ന ആക്റ്റിന് സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിച്ചത് 2010-ൽ മാത്രമാണെന്ന് സമിതി നിരീക്ഷിച്ചു. 2010-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചുവെങ്കിലും അവയുടെ നടത്തിപ്പ് ശൈശവദശയിലാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ചട്ടങ്ങൾ പുറപ്പെടുവിക്കാൻ ഉണ്ടായ കാലതാമസത്തെക്കുറിച്ച് ആരാഞ്ഞ സമിതിക്ക് വ്യക്തമായ വിശദീകരണം നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിഞ്ഞില്ല.

9. ആക്റ്റിലെ 3(2) വകുപ്പുപ്രകാരം സംസ്ഥാന ഗവൺമെന്റ് ആക്റ്റിന്റെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് കൺട്രോളിംഗ് അതോറിറ്റിയെ സഹായിക്കുന്നതിനായി ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് കൺട്രോളിംഗ് അതോറിറ്റിയെ മാത്രമാണ് നിയമിച്ചിട്ടുള്ളതെന്നും, ഫയലുകൾ കൈകാര്യം ചെയ്യുന്നത് ജോയിന്റ് സെക്രട്ടറി (കൺട്രോളിംഗ് അതോറിറ്റി)-യുടെ കീഴിലുള്ള ഉദ്യോഗസ്ഥർ തന്നെയാണെന്നും ഈ ആക്റ്റിനനുസരിച്ച് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി പ്രത്യേകിച്ച് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി. മാത്രമല്ല, നിയമത്തിന് വിരുദ്ധമായി ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയുള്ള ഉദ്യോഗസ്ഥരെയും കൺട്രോളിംഗ് അതോറിറ്റിയായി നിയമിച്ചിട്ടുണ്ടെന്നുള്ള വസ്തുത സമിതിക്ക് ബോദ്ധ്യപ്പെടുകയും ഇത് ക്രമവിരുദ്ധമായ നടപടിയാണെന്ന് വിലയിരുത്തപ്പെടുകയും ചെയ്തു.

10. സംസ്ഥാനത്ത് ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾ നടത്തിയിരുന്നവർ ചട്ടങ്ങൾ നിലവിൽവന്നതിനുശേഷം ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം ലൈസൻസിന് അപേക്ഷിക്കുകയുണ്ടായോയെന്നും അവർക്കെല്ലാം

ലൈസൻസ് നൽകിയിരുന്നോയെന്നും അപേക്ഷകൾ ഏതെങ്കിലും പെന്റിംഗിലുണ്ടോ യെന്നും സമിതി ആരാഞ്ഞതിന് 2011 മുതൽ 2013 വരെ 142 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും 24 അപേക്ഷകൾ അന്തിമഘട്ടത്തിലാണെന്നും 3 എണ്ണത്തിന്റെ റിപ്പോർട്ട് പരിശോധനയിലാണെന്നും തുടർന്ന് 90 അപേക്ഷകളിന്മേൽ എസ്.ബി.സി.ഐ.ഡി. സൂപ്രണ്ടിന്റെ റിപ്പോർട്ടിനായി കാത്തിരിക്കുകയാണെന്നും ബാക്കിയുള്ള 19 എണ്ണം പല ഓഫീസുകളിലായി പെന്റിംഗിലാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകുകയുണ്ടായി.

11. കൺട്രോളിംഗ് അതോറിറ്റിക്ക് ലഭിച്ച അപേക്ഷകൾ വിവിധ ഘട്ടങ്ങളിലാണെന്ന് മനസ്സിലാക്കിയ സമിതി അപേക്ഷകൾ തീർപ്പാക്കുന്നതിന് ഇത്രയും കാലതാമസംവരാൻ കാരണമെന്തെന്നും അപേക്ഷകൾ എസ്.ബി.സി.ഐ.ഡി.-ക്ക് അയയ്ക്കേണ്ട ആവശ്യകത യെന്തെന്നും ആരാഞ്ഞു. ചട്ടം 3(3) അനുസരിച്ചാണ് അപ്രകാരം ചെയ്യുന്നതെന്ന് വ്യക്തമാക്കിയ വകുപ്പ് ഉദ്യോഗസ്ഥരുടെ മറുപടിയോട് സമിതി വിയോജിപ്പ് പ്രകടിപ്പിച്ചു. ചട്ടം 3(3) പ്രകാരം കൺട്രോളിംഗ് അതോറിറ്റി ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ ജില്ലാ പോലീസ് മേധാവിക്ക് അതായത് ജില്ലാ പോലീസ് സൂപ്രണ്ടിനോ ജില്ലാ പോലീസ് കമ്മീഷണർക്കോ അപേക്ഷകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യമാണോ എന്ന് വിലയിരുത്തുന്നതിനും ഏജൻസി തുടങ്ങാനുദ്ദേശിക്കുന്നവരെ കുറിച്ചുള്ള പശ്ചാത്തലം വിലയിരുത്തുന്നതിനുമായി അയച്ചുകൊടുക്കണമെന്നും അവരാണ് എതിർപ്പില്ലാ സർട്ടിഫിക്കറ്റ് നൽകേണ്ടതെന്നും അവർക്ക് ആവശ്യമെന്ന് കരുതുന്നപക്ഷം കൂടുതൽ അന്വേഷിക്കുന്നതിനായി എസ്.പി. (സെക്യൂരിറ്റി)-ക്കോ എസ്.ബി.സി.ഐ.ഡി.-ക്കോ കൈമാറാവുന്നതാണെന്നുമാണ് പറഞ്ഞിരിക്കുന്നതെന്ന് സമിതി വ്യക്തമാക്കുകയുണ്ടായി. അപേക്ഷകൾ കൈകാര്യംചെയ്യേണ്ട രീതിയെക്കുറിച്ചുപോലും കൺട്രോളിംഗ് അതോറിറ്റിക്ക് വ്യക്തതയില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു.

12. അന്യസംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾ കേരളത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സമിതി അവർക്ക് കേരളത്തിൽ പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുന്നതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെ യാണെന്ന് ആരാഞ്ഞതിന് വ്യക്തമായ മറുപടി നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിഞ്ഞില്ല. കൂടാതെ, 19-ാം വകുപ്പ് പ്രകാരം സർക്കാരിന് കൺട്രോളിംഗ് അതോറിറ്റി യുടെ അധികാരം സബോർഡിനേറ്റ് ഓഫീസർമാർക്കും ഡെലിഗേറ്റ് ചെയ്തുകൊടുക്കാമെന്നു ണ്ടെങ്കിലും അത്തരത്തിൽ അധികാരം താഴെത്തട്ടിലേക്ക് കൈമാറ്റം ചെയ്തിട്ടില്ലെന്ന് സമിതിയുടെ ചോദ്യത്തിനുത്തരമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി.

13. കേരളത്തിലെ ഒരു പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസിക്ക് ലൈസൻസ് ലഭിക്കണമെങ്കിൽ അത് എവിടെയാണോ പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്നത് പ്രസ്തുത ജില്ലയിലെ പോലീസ് മേധാവിയാണ് എതിർപ്പില്ലാ സർട്ടിഫിക്കറ്റ് കൺട്രോളിംഗ് അതോറിറ്റിക്ക് നൽകേണ്ടതെന്ന ആക്റ്റിലെ 5-ാം വകുപ്പ് അനുശാസിക്കുന്നതിനനുസൃത മായി നിർണ്ണയിക്കപ്പെട്ട വ്യവസ്ഥപ്രകാരം ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന പോലീസ് മേധാവികൾക്ക് കൺട്രോളിംഗ് അതോറിറ്റി നൽകിയിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും എന്തൊക്കെയാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് ചട്ടങ്ങളിൽ അനുശാസിക്കുന്ന രീതിയിലുള്ള അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ള തെന്ന് ആഭ്യന്തരവകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി. എന്നാൽ, കണ്ണൂർ ജില്ലയിലെ

തെളിവെടുപ്പുവേളയിൽ ജില്ലയിലെ പോലീസ് മേധാവികൾക്ക് അത്തരത്തിൽ നിർദ്ദേശങ്ങളോ/ഉത്തരവുകളോ മേലധികാരികൾ നൽകിയിട്ടില്ലായെന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞതായും പീരിയോഡിക്കൽ മീറ്റിംഗുകൾ വിളിക്കുമ്പോൾ ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യാറില്ലെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടതായി ഈ വേളയിൽ സമിതി വ്യക്തമാക്കുകയുണ്ടായി.

14. പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസിക്കായുള്ള അപേക്ഷയിന്മേൽ ഏജൻസി നടത്തിപ്പുകാരെക്കുറിച്ച് അന്വേഷണം നടത്തുന്നത് സെക്യൂരിറ്റി എസ്.പി.-യാണെന്നും, അപേക്ഷകൾ വെരിഫിക്കേഷനായി അയച്ചുകൊടുക്കുന്നത് എസ്.ബി.സി.ഐ.ഡി.-യിലെ സെക്യൂരിറ്റിവിഭാഗം പരിശോധിക്കുകയും കൂടുതൽ അന്വേഷണത്തിനായി ഓരോ ജില്ലയിലെയും എസ്.പി.-മാർക്കും അവിടുത്തെ ഡിറ്റാച്ചുമെന്റിലും നൽകുമെന്നും അവരുടെ അന്വേഷണം കഴിഞ്ഞതിനുശേഷമാണ് സർക്കാരിലേക്ക് റിപ്പോർട്ട് നൽകുന്ന തെന്നും എസ്.പി. ഇന്റലിജൻസ് സമിതിയെ അറിയിച്ചിരുന്നു.

15. സംസ്ഥാനതലത്തിൽ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസി തുടങ്ങുന്നതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ ആയതിന് എല്ലാ ജില്ലകളിലെയും എസ്.പി./ സി.പി.-മാരിൽനിന്നും എതിർപ്പില്ലാ സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ടെന്നും ഇക്കാരണം കൊണ്ടാണ് സംസ്ഥാനതലത്തിൽ ഏജൻസി തുടങ്ങുന്നതിനുള്ള അപേക്ഷയിന്മേൽ കാലതാമസം നേരിടുന്നതെന്നും പാസ്പോർട്ട് ആന്റ് വെരിഫിക്കേഷൻ ഡി.വൈ.എസ്.പി. സമിതി മുമ്പാകെ വ്യക്തമാക്കുകയുണ്ടായി. ജില്ലാ ഓഫീസുകളിൽനിന്ന് എതിർപ്പില്ലാ സർട്ടിഫിക്കറ്റ് ലഭിക്കാൻ വൈകുമ്പോൾ ഇതു സംബന്ധിച്ച് കൃത്യമായി ഓർമ്മക്കുറിപ്പുകളോ കത്തിടപാടുകളോ അയയ്ക്കുന്നരീതി ഉണ്ടോയെന്ന് സമിതി ആരായുകയും ജില്ലയിൽ ഇവരെക്കുറിച്ച് എന്തെങ്കിലും കേസുണ്ടോയെന്ന് അന്വേഷിച്ച് ആക്റ്റനുശാസിക്കുന്ന എതിർപ്പില്ലാ സർട്ടിഫിക്കറ്റ് നൽകണമെന്നാണാവശ്യപ്പെടുന്നതെന്നും, ആയതിന് അങ്ങനെ ഒരു പേരോ അഡ്രസ്സോ ആ ജില്ലയിൽ ഇല്ലെന്നുള്ള അറിയിപ്പാണ് ലഭിക്കുന്നതെന്നും എസ്.ബി.സി.ഐ.ഡി. ഉദ്യോഗസ്ഥൻ മറുപടി നൽകുകയുണ്ടായി. ഇതുവരെ രണ്ട് ഏജൻസികൾക്കാണ് എല്ലാ ജില്ലകളിൽനിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതെന്നും, അവർക്ക് സംസ്ഥാനതലത്തിൽ പ്രവർത്തിക്കാനുള്ള ലൈസൻസ് നൽകി യിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. കൂടാതെ, എൻ.ഒ.സി.-ക്കുവേണ്ടി ജില്ലാതല ഉദ്യോഗസ്ഥർക്ക് അപേക്ഷയുടെ പകർപ്പ് അയയ്ക്കുമ്പോൾ വ്യക്തവും നിയതവുമായ നിർദ്ദേശങ്ങൾ ആഭ്യന്തരവകുപ്പ്/കൺട്രോളിംഗ് അതോറിറ്റി നൽകിയിട്ടില്ലായെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു.

16. സംസ്ഥാനത്ത് ലൈസൻസോടുകൂടിയും അല്ലാതെയും പ്രവർത്തിക്കുന്ന സെക്യൂരിറ്റി ഏജൻസികളുടെ കണക്കും മറ്റു വിശദാംശങ്ങളും ആഭ്യന്തര വകുപ്പിന്റെ പക്കലില്ലായെന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. 2010-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചശേഷം രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷയെത്തന്നെ ബാധിക്കാവുന്ന ഈ വിഷയം സംബന്ധിച്ച് രണ്ട് റിവ്യൂ മീറ്റിംഗുകൾ മാത്രമേ നടത്തിയിട്ടുള്ളൂവെന്ന വസ്തുതയും സമിതിക്ക് ബോദ്ധ്യപ്പെട്ടു.

17. 11-4-2013-ൽ സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുന്നതിന് എറണാകുളം ജില്ലയിലെ കൊച്ചി ഇടപ്പള്ളിയിൽ പ്രവർത്തിക്കുന്ന 'ജി-4' എന്ന സ്ഥാപനത്തിനും,

എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന 'Well Z' എന്ന സ്ഥാപനത്തിനും ലൈസൻസ് നൽകിയതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

18. ചട്ടം 5(1) പ്രകാരം പ്രൈവറ്റ് സെക്യൂരിറ്റി ഗാർഡുകളായും സൂപ്പർവൈസർ മാരായും പ്രവർത്തിക്കുന്നവർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള സിലബസ് കൺട്രോളിംഗ് അതോറിറ്റി ആവിഷ്കരിച്ചിട്ടില്ലെന്ന് ആഭ്യന്തരവകുപ്പുദ്യോഗസ്ഥൻ വ്യക്തമാക്കുകയുണ്ടായി. എന്നാൽ, എക്സ്-മിലിട്ടറിക്കാർ തുടങ്ങിയ സെക്യൂരിറ്റി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നുണ്ടെന്നും അവർ സമിതിയെ അറിയിച്ചു.

19. സമിതി ചട്ടങ്ങളിൽ വന്നിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിക്കുകയും അവ പരിഹരിക്കണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. കൂടാതെ, പ്രൈവറ്റ് സെക്യൂരിറ്റി രംഗത്ത് ജോലിചെയ്യുന്നവർ ധാരാളം ചൂഷണങ്ങൾക്ക് വിധേയരാകുന്നുണ്ടെന്നും മറുവശത്ത് ക്രിമിനൽ പശ്ചാത്തലമുള്ളവർ ഈ രംഗത്തേക്ക് കടന്നുവരുന്നുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി ഇതൊക്കെ നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും വേണ്ടിയാണ് ആക്റ്റ് പാർലമെന്റിൽ പാസാക്കിയതെന്നും അതുകൊണ്ടുതന്നെ ആക്റ്റും ചട്ടങ്ങളും പ്രാവർത്തിക മാക്കാനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും നിർദ്ദേശിക്കുകയുണ്ടായി.

20. പ്രൈവറ്റ് സെക്യൂരിറ്റി മേഖലയിൽ ജോലിചെയ്യുന്നവർക്ക് മിനിമം വേതനം എട്ടുമണിക്കൂർ ജോലിസമയം എന്നിവ ബാധകമാക്കുന്നതിനും അവർക്കുള്ള ഇ.എസ്.ഐ., പി.എഫ്. തുടങ്ങിയ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് തൊഴിലും പുനരധിവാസവും വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി ആരാഞ്ഞിരുന്നു. ആയതിന്, തൊഴിൽവകുപ്പ് 736/2010-ാം നമ്പർ എസ്.ആർ.ഒ.-യിലൂടെ സെക്യൂരിറ്റി മേഖലയിൽ ജോലിചെയ്യുന്നവർക്ക് മിനിമം വേതനം ദ മിനിമം വേജസ് ആക്റ്റ് പ്രകാരം നിശ്ചയിച്ചിട്ടുണ്ടെന്നും ഇതനുസരിച്ച് സെക്യൂരിറ്റി ജീവനക്കാരെ നാല് കാറ്റഗറിയായി തരംതിരിക്കുകയും അൺആംഡ് സെക്യൂരിറ്റി ഗാർഡിന് 4,274 രൂപയും ആംഡ് സെക്യൂരിറ്റി ഗാർഡിന് 5,274 രൂപയും ഹെഡ് ഗാർഡിന് 5,750 രൂപയും സൂപ്പർവൈസർമാർക്ക് 6000 രൂപയും പ്രതിമാസം മിനിമം വേതനമായി നിശ്ചയിച്ചിട്ടുണ്ടെന്നും തൊഴിൽവകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. ഇതിനുപുറമെ ക്ഷാമബത്തയും യൂണിഫോം അലവൻസും സർവീസ് വെയിറ്റേജും നൽകുന്നുണ്ടെന്നും ജോലിസമയം എട്ടുമണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുകയും എന്നാൽ, ഇ.എസ്.ഐ., പി.എഫ്. മുതലായവ നൽകുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലാണെന്നും വിശദീകരിച്ചിരുന്നു.

21. മിനിമം വേതനം ലഭിക്കുന്നില്ലായെന്നതു സംബന്ധിച്ച് തൊഴിൽവകുപ്പിന് പരാതി എന്തെങ്കിലും ലഭിച്ചിരുന്നോയെന്ന സമിതിയുടെ ചോദ്യത്തിന് രണ്ടുവർഷം മുൻപ് കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനും കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട സ്റ്റാഫിൽനിന്നാണ് പരാതി ലഭിച്ചതെന്നും അതനുസരിച്ച് വിശദമായ അന്വേഷണം നടത്തിയപ്പോൾ വിവിധ ഏജൻസികളിൽനിന്നും കൊട്ടേഷൻ ലഭിക്കുന്ന തിനനുസരിച്ച് കുറഞ്ഞ കൊട്ടേഷൻ നൽകുന്ന ഏജൻസിക്ക് കരാർ നൽകുന്നതാണ് പതിവെന്ന് ലേബർ കമ്മീഷണർ മറുപടി നൽകി.

22. എന്നാൽ, മിനിമം വേജസിന്റെ 25-ാം വകുപ്പുപ്രകാരം ഒരു സ്ഥാപനത്തിൽ മിനിമം വേജസ് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിൽക്കുറഞ്ഞ രീതിയിലുള്ള ഒരു എഗ്രിമെന്റ് ആ മാനേജ്മെന്റിന് ബന്ധപ്പെട്ട കോൺട്രാക്റ്ററുമായി ഉണ്ടാക്കാൻ വ്യവസ്ഥയില്ലെന്നും മിനിമം വേതനം സംബന്ധിച്ച നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ടെന്നും ലേബർ കമ്മീഷണർ അറിയിച്ചു. സെക്യൂരിറ്റി ഏജൻസികളും സ്ഥാപനങ്ങളും തമ്മിലാണ് കരാറുണ്ടാക്കുന്നതെന്നും വലിയതുക കമ്മീഷൻ ഇനത്തിൽ സെക്യൂരിറ്റി ജീവനക്കാരിൽനിന്നും ഈടാക്കുന്ന അവസ്ഥയുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

23. ധാരാളം സെക്യൂരിറ്റി ഏജൻസികൾ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ സമിതി 6-6-2013-ൽ എറണാകുളംജില്ല സന്ദർശിക്കുകയും ആഭ്യന്തരവകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ, ജില്ലയിലെ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾ, സെക്യൂരിറ്റി ജീവനക്കാർ, പൊതുജനങ്ങൾ എന്നിവരിൽനിന്ന് തെളിവെടുക്കുകയും ചെയ്തു.

24. രണ്ടുവർഷമായി 150-ഓളം സെക്യൂരിറ്റി ജീവനക്കാർ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് നാളിതുവരെ ലൈസൻസ് ലഭിച്ചിട്ടില്ലെന്ന് സെക്യൂരിറ്റി ജീവനക്കാർ സമിതിക്ക് പരാതി നൽകുകയും, സെക്യൂരിറ്റി ഏജൻസികൾക്ക് ലൈസൻസ് ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നതായി സമിതിക്ക് ബോദ്ധ്യപ്പെടുകയും ചെയ്തു. വർഷങ്ങൾക്കു മുൻപ് അപേക്ഷ സമർപ്പിച്ചവർക്കും പല ജില്ലകളിൽനിന്നും വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിച്ചിട്ടില്ലായെന്ന കാരണത്താൽ ലൈസൻസ് ലഭിച്ചിട്ടില്ലെന്ന് ഏജൻസികൾ സമിതി മുമ്പാകെ പരാതിപ്പെട്ടു.

25. എറണാകുളം ജില്ലയിൽ ഇതുവരെ എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര ഏജൻസികൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ടെന്നും സമിതി ആരാഞ്ഞതിന് 2010 കാലയളവിൽ 88 അപേക്ഷകളും 2013 കാലയളവിൽ 10 അപേക്ഷകളും ലഭ്യമായിട്ടുണ്ടെന്നും ഇവയിൽ രണ്ട് ഏജൻസികൾക്കുമാത്രമേ ലൈസൻസ് ലഭിച്ചുള്ളൂവെന്നും ബാക്കിയുള്ള അപേക്ഷകളിൽ നടപടി വിവിധഘട്ടങ്ങളിലാണെന്നും കൊച്ചി സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ സമിതിയെ അറിയിക്കുകയുണ്ടായി.

26. രജിസ്ട്രേഷൻ ഉള്ളവയും ഇല്ലാത്തവയുമായി 444-ഓളം പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായും, അവയിൽ 144 എണ്ണം എറണാകുളം ജില്ലയിലാണെന്നും, കമ്പനി ആക്ടനുസരിച്ച് 30-ഓളം ഏജൻസികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് പ്രൈവറ്റ് സെക്യൂരിറ്റി ഫെഡറേഷൻ പ്രസിഡന്റ് സമിതിമുമ്പാകെ വ്യക്തമാക്കി. കൂടാതെ, വളരെക്കുറച്ച് ഏജൻസികൾ മാത്രമേ മിനിമം വേതനമായി 8 മണിക്കൂർ ജോലിക്ക് 4,274 രൂപ അടിസ്ഥാന ശമ്പളവും, എച്ച്.ആർ.എ., ഇ.എസ്.ഐ., പി.എഫ്. 9%, യൂണിഫോം അലവൻസ് ഉൾപ്പെടെ 8,364 രൂപ വേതനമായി നൽകുന്നതെന്നും 10,000 രൂപയെങ്കിലും നൽകിയാൽമാത്രമേ ഒരു ഏജൻസിക്ക് നിയമപരമായി പ്രവർത്തിക്കാൻ കഴിയുകയുള്ളൂവെന്നും സർക്കാർ പോലും 5,000, 6,000 രൂപ വേതനമായി നൽകുന്നതെന്നും സമിതിയെ അവർ അറിയിച്ചു. ക്രിമിനൽ പശ്ചാത്തലമുള്ള ധാരാളംപേർ സെക്യൂരിറ്റി ഗാർഡുകളായി പ്രവർത്തിക്കുന്നുണ്ടെന്നും പ്രൈവറ്റ് സെക്യൂരിറ്റി ഫെഡറേഷൻ പ്രസിഡന്റ് അഭിപ്രായപ്പെട്ടു. കൂടുതൽ ശമ്പളം നൽകാൻ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സെക്യൂരിറ്റി ഏജൻസികൾക്ക്

കഴിയുന്നില്ലെന്നും സെക്യൂരിറ്റി ജീവനക്കാരുടെ അവസ്ഥ ദാരുണമാണെന്നും "സെക്യൂരിറ്റി ഗാർഡ്" എന്നത് "വാച്ച്മാൻ/കീപ്പർ" എന്ന് പേരുമാറ്റിയാൽ 8,000 രൂപ ശമ്പളം കൊടുത്താൽ മതിയെന്നും അദ്ദേഹം സമിതിയെ ബോദ്ധ്യപ്പെടുത്തി.

27. സെക്യൂരിറ്റി ജീവനക്കാരായി നിയമിക്കപ്പെടുന്നവരുടെ ശാരീരിക അളവുകൾ ആക്റ്റിൽ പറഞ്ഞ പ്രകാരംതന്നെ പാലിക്കപ്പെടാറില്ലെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. കൂടാതെ, മിക്ക ഏജൻസികളും സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന രീതിയിലുള്ള മിനിമം ശമ്പളം നൽകാറില്ലെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു.

28. അന്യസംസ്ഥാന തൊഴിലാളികളെ സെക്യൂരിറ്റി ജീവനക്കാരായി നിയമിക്കുമ്പോൾ ആക്റ്റിൽ അനുശാസിക്കുന്ന ജോലിസമയം, മിനിമം ശമ്പളം മുതലായ മാനദണ്ഡങ്ങൾ ഒന്നുംതന്നെ പാലിക്കാറില്ലെന്നും ഐ.എൻ.ടി.യു.സി. നേതാവ് സമിതിയെ അറിയിക്കുകയുണ്ടായി.

29. എറണാകുളം ജില്ലയിൽ ലൈസൻസിനായി എത്ര അപേക്ഷകൾ ലഭിച്ചു വെന്നും എത്ര അപേക്ഷകർക്ക് എൻ.ഒ.സി. നൽകിയെന്നും സമിതി ആരാഞ്ഞതിന് ആക്റ്റ് നിലവിൽവന്നതിനുശേഷം 88 അപേക്ഷകൾ ലഭിച്ചുവെന്നും, ജില്ലയിൽ ഓഫീസുള്ള 39 പേർക്ക് പല സമയങ്ങളിലായി എൻ.ഒ.സി. നൽകിയെന്നും ജില്ലയിൽ ഓഫീസില്ലാത്തവർക്ക് എൻ.ഒ.സി. നൽകിട്ടില്ലെന്നും സെക്യൂരിറ്റി എസ്.പി. സമിതി മുമ്പാകെ ബോധിപ്പിച്ചിരുന്നു.

## സമിതിയുടെ നിഗമനങ്ങളും ശിപാർശകളും

മേൽസൂചിപ്പിച്ച തെളിവെടുപ്പു യോഗങ്ങളിലും ചർച്ചകളിലും ഉരുത്തിരിഞ്ഞുവന്ന സമിതിയുടെ നിഗമനങ്ങളും ശിപാർശകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു:

30. 2005-ലെ പ്രൈവറ്റ് സെക്യൂരിറ്റീസ് (റെഗുലേഷൻ) ആക്റ്റിന്റെ കീഴിൽ ചട്ടങ്ങൾ പുറപ്പെടുവിച്ചത് 2010-ലാണ്. നമ്മുടെ അയൽസംസ്ഥാനങ്ങൾ ആക്റ്റിന്റെ നടത്തിപ്പുമായി ഏറെ മുന്നോട്ടുപോയെങ്കിലും നമ്മുടെ സംസ്ഥാനത്ത് ആക്റ്റിന്റെ നടത്തിപ്പ് പ്രാരംഭദശയിലാണെന്ന് സമിതിക്ക് തെളിവെടുപ്പുകളിൽനിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾക്ക് ലൈസൻസ് നൽകുന്നതിനായും ഏജൻസികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായും ആഭ്യന്തരവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ കൺട്രോളിംഗ് അതോറിറ്റിയായി നിയമിച്ചിട്ടുണ്ടെങ്കിലും ആക്റ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നത് ഇപ്പോഴും അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെക്ഷനിലെ ഉദ്യോഗസ്ഥർ തന്നെയാണെന്നും അവരുടെ ദൈനംദിന ജോലികളുടെ കൂട്ടത്തിൽ അധികമായി വന്നുചേർന്നിട്ടുള്ള ഒരു കർത്തവ്യം മാത്രമായാണ് പ്രസ്തുത ആക്റ്റിന്റെ കീഴിലുള്ള പ്രവർത്തനങ്ങളെ കാണുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

31. ആക്റ്റിന്റെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ആക്റ്റിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി കൺട്രോളിംഗ് അതോറിറ്റിക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കാമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. സംസ്ഥാനത്തിന്റെ വ്യവസായമേഖലയുടെ ആഭ്യന്തരസുരക്ഷയിൽ വലിയൊരു പങ്ക് പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾക്ക് വഹിക്കാനുണ്ട്. അത്തരം ഏജൻസികൾക്ക് ലൈസൻസ് നൽകുന്നതുപോലും

സമഗ്രമായൊരു അന്വേഷണത്തിനുശേഷം മാത്രമേ ചെയ്യാവൂ എന്നിരിക്കെ കൺട്രോളിംഗ് അതോറിറ്റിയെ സഹായിക്കാനായി കൂടുതൽ മനുഷ്യവിഭവശേഷിയും പ്രത്യേകമായി ഒരു സംവിധാനവും ആവശ്യമാണെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ആക്റ്റിലെ 3(2) വകുപ്പ് അനുശാസിക്കുന്ന രീതിയിൽ ആക്റ്റിന്റെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി കൺട്രോളിംഗ് അതോറിറ്റിയെ സഹായിക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും ഇതിലേക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

32. എസ്.ആർ.ഒ.-നമ്പർ 874/2008 മുഖേന ആഭ്യന്തരവകുപ്പിലെ ജോയിന്റ് സെക്രട്ടറിയെ കൺട്രോളിംഗ് അതോറിറ്റിയായി നിയമിക്കുകയുണ്ടായി. പ്രസ്തുത എസ്.ആർ.ഒ.-യുടെ വിശദീകരണക്കുറിപ്പിൽ 710/07-ാം നമ്പർ എസ്.ആർ.ഒ.-പ്രകാരം നിയമിതനായ കൺട്രോളിംഗ് അതോറിറ്റി 4 മാസത്തിനുശേഷം സർവ്വീസിൽനിന്നും വിരമിച്ചുവെന്നും ആ സ്ഥാനത്ത് ആഭ്യന്തരവകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയെ നിയോഗിക്കുകയുണ്ടായി എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം "ഒരു ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെയാണ് കൺട്രോളിംഗ് അതോറിറ്റി ആയി നിയമിക്കേണ്ടത്". ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഒരു ഡെപ്യൂട്ടി സെക്രട്ടറിയെ നിയമിച്ചത് ക്രമവിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഭാവിയിൽ കൺട്രോളിംഗ് അതോറിറ്റിയെ നിയമിക്കുമ്പോൾ പ്രസ്തുത വ്യവസ്ഥ കർശനമായി പാലിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

33. ആക്റ്റനുസരിച്ച് ചട്ടങ്ങൾ 2010-ൽ നിലവിൽ വന്നുവെങ്കിലും നാളിതുവരെ രണ്ട് സ്ഥാപനങ്ങൾക്ക് മാത്രമാണ് സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുവാനുള്ള ലൈസൻസ് നൽകിയിട്ടുള്ളതെന്നാണ് സമിതി മനസ്സിലാക്കുന്നത്. ലൈസൻസ് നൽകാൻ വൈകുന്നതിനുള്ള പ്രധാന തടസ്സമായിനിൽക്കുന്നത് സെക്യൂരിറ്റി ഏജൻസി നടത്താൻ താൽപ്പര്യപ്പെടുന്ന ആളിനെയോ/ആളുകളെയോ/സ്ഥാപനത്തെയോ സംബന്ധിച്ച പൂർവ്വ പശ്ചാത്തലം അന്വേഷിച്ച് ജില്ലാ പോലീസ് സൂപ്രണ്ടോ പോലീസ് കമ്മീഷണറോ കൺട്രോളിംഗ് അതോറിറ്റിക്ക് എതിർപ്പില്ലാ സർട്ടിഫിക്കറ്റ് യഥാസമയം നൽകാത്തതിനാലാണ് എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ചട്ടം 3(3) പ്രകാരം കൺട്രോളിംഗ് അതോറിറ്റി ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ ജില്ലാ പോലീസ് മേധാവിക്ക് അപേക്ഷകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യമാണോ എന്ന് വിലയിരുത്തുന്നതിനും ഏജൻസി തുടങ്ങാനുദ്ദേശിക്കുന്നവരെക്കുറിച്ചുള്ള സ്വഭാവം, പശ്ചാത്തലം എന്നിവ വിലയിരുത്തുന്നതിനുമായി അയച്ചുകൊടുക്കേണ്ടതെന്നും ജില്ലാ പോലീസ് മേധാവിയാണ് എതിർപ്പില്ലാ സർട്ടിഫിക്കറ്റ് നൽകേണ്ടതെന്നും അവർക്ക് ആവശ്യമെന്ന് കരുതുന്നപക്ഷം കൂടുതൽ അന്വേഷണത്തിനായി എസ്.പി. (സെക്യൂരിറ്റി)-ക്കോ എസ്.ബി.സി.ഐ.ഡി.-ക്കോ കൈമാറാവുന്നതാണെന്നുമാണ് പറഞ്ഞിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതിക്ക് അപേക്ഷകൾ എങ്ങനെ കൈകാര്യംചെയ്യണമെന്നുപോലും വ്യക്തത ഇല്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത് എന്ന് ബോദ്ധ്യപ്പെട്ടു. ചില സെക്യൂരിറ്റി ഏജൻസികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നതിനുവേണ്ടിയാണ് അപേക്ഷിക്കുന്നതെന്നും അത്തരം കേസുകളിൽ എല്ലാ ജില്ലകളിൽനിന്നും എതിർപ്പില്ലാ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതുണ്ടെന്നും ആയതിനാലാണ് താമസം നേരിടുന്നതെന്നുമുള്ള ആഭ്യന്തര വകുപ്പുദ്യോഗസ്ഥരുടെ മറുപടിയോടു സമിതി വിയോജിക്കുന്നു. തെളിവെടുപ്പ്

വേളകളിൽ സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത് സെക്യൂരിറ്റി ഏജൻസികൾക്ക് ജില്ലകളിൽ ഓഫീസ് തുടങ്ങിയിട്ടില്ലെങ്കിൽ അത്തരം ഒരു സ്ഥാപനം ജില്ലയിൽ പ്രവർത്തിക്കുന്നില്ല എന്ന മറുപടിയാണ് നൽകുന്നതെന്നാണ്. അത്തരം ഒരു മറുപടിയല്ല ലഭ്യമാക്കേണ്ടത് പകരം ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന ആളിനെയോ/ആളുകളെയോ/ സ്ഥാപനത്തെയോ സംബന്ധിച്ച വിവരം—അവർ എവിടെയാണോ വസിക്കുന്നത് അല്ലെങ്കിൽ സ്ഥാപനം നടത്തുന്നത്—ആ ജില്ലയിലെ പോലീസ് മേധാവിയിൽനിന്നും വിവരങ്ങൾ അന്വേഷിച്ച് മറുപടി ലഭ്യമാക്കുകയാണ് വേണ്ടതെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ, ഒരു ജില്ലയിലോ വിവിധ ജില്ലകളിലോ പ്രവർത്തിക്കുന്നതിനുള്ള അപേക്ഷ ഒരു പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസി കൺട്രോളിംഗ് അതോറിറ്റിക്ക് നൽകിയാൽ ചട്ടങ്ങൾ പ്രകാരം അപേക്ഷയുടെ പകർപ്പ് ഫാറം 1 സഹിതം അതത് ജില്ലാ പോലീസ് മേധാവികൾക്ക് അയച്ചുകൊടുക്കുകയും അവർ അന്വേഷണംനടത്തി എതിർപ്പില്ലാ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് വ്യക്തവും നിയതവുമായ നിർദ്ദേശങ്ങൾ കൺട്രോളിംഗ് അതോറിറ്റി അടിയന്തരമായി നൽകണമെന്നും ആയതിന്റെ പകർപ്പുകൾ സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ജില്ലാ പോലീസ് മേധാവികൾക്ക് ആക്റ്റിലെയും ചട്ടങ്ങളിലെയും പ്രസക്തഭാഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ നൽകണമെന്നും അതിൽ സെക്യൂരിറ്റി ഏജൻസികളുടെ പൂർവ്വചരിത്രവും പ്രവർത്തനവും വിലയിരുത്തണമെന്ന നിർദ്ദേശവും ഉൾക്കൊള്ളണമെന്നും സമിതി നിർദ്ദേശിക്കുന്നു.

34. 2011 മുതൽ ലഭിച്ച അപേക്ഷകൾ തീർപ്പുകൽപ്പിക്കാതെ നീട്ടിക്കൊണ്ടു പോകുന്നത് നല്ല പ്രവണതയല്ലെന്നും ഇത് ആക്റ്റിന് വിരുദ്ധമാണെന്നും സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ, ആക്റ്റും ചട്ടങ്ങളും അനുശാസിക്കുന്ന രീതിയിലുള്ള അന്വേഷണം ത്വരിതപ്പെടുത്തി എതിർപ്പില്ലാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ വിവിധ ജില്ലകളിൽനിന്നും ലഭ്യമാക്കേണ്ടവ അടിയന്തരമായി ലഭ്യമാക്കാൻ വേണ്ടനിർദ്ദേശങ്ങൾ നൽകാനും കൺട്രോളിംഗ് അതോറിറ്റി ഇതിനായി ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ പ്രത്യേകമായി ചുമതലപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു.

35. ചട്ടം 5 (1) പ്രകാരം പ്രൈവറ്റ് സെക്യൂരിറ്റി ഗാർഡുകളായും സൂപ്പർവൈസർ മാരുമായും പ്രവർത്തിക്കുന്നവർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള സിലബസ് കൺട്രോളിംഗ് അതോറിറ്റി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് അത്തരത്തിൽ സിലബസ് ആവിഷ്ക്കരിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. ചട്ടം 5(1) അനുശാസിക്കുന്ന പ്രകാരം കൺട്രോളിംഗ് അതോറിറ്റി സെക്യൂരിറ്റി ഗാർഡുകൾക്കും സൂപ്പർവൈസർമാർക്കുമുള്ള ട്രെയിനിംഗ് സിലബസ് രൂപീകരിക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഏജൻസികളിലും പ്രവർത്തിക്കുന്നവർക്ക് പരിശീലനം നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

36. ചട്ടം 5(4) അനുശാസിക്കുന്ന രീതിയിൽ കൺട്രോളിംഗ് അതോറിറ്റിയോ അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥരോ ട്രെയിനിംഗ് സ്ഥാപനത്തിൽ വർഷത്തിൽ രണ്ടുപ്രാവശ്യം സന്ദർശനം നടത്തേണ്ടതും സ്ഥാപനത്തിൽ ആവശ്യമായ സൗകര്യങ്ങളുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. സെക്യൂരിറ്റി ഏജൻസികളിൽ സെക്യൂരിറ്റി ഗാർഡ്/സൂപ്പർവൈസർ ആയി ജോലിചെയ്യുന്ന/ജോലിചെയ്യാനാഗ്രഹിക്കുന്ന വ്യക്തികളുടെ സ്വഭാവവും പൂർവ്വചരിത്രവും അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാനായി ഫാറം II ചട്ടം 4(4) പ്രകാരം ജില്ലാ പോലീസ് മേധാവികൾക്ക് അയച്ചുകൊടുക്കേണ്ടതുണ്ട്. ചട്ടം 4(4)-ൽ *"the Agency shall pay a fee of Rupees two hundred and fifty if the person concerned is residing within the State or Rupees five hundred if he resides outside the State"* എന്ന് പറഞ്ഞിരിക്കുന്നത് *"the Agency shall pay a fee of Rupees two hundred and fifty if the person concerned is residing within the State or Rupees five hundred if he is residing outside the State"* എന്ന് മാറ്റുവാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, Form II-ൽ ഫീ ഇനത്തിൽ 1,000 രൂപയെന്നും 2,000 രൂപ യെന്നുമുള്ളത് യഥാക്രമം 250 രൂപ ആയും 500 രൂപ ആയും തിരുത്താനും സമിതി നിർദ്ദേശിക്കുന്നു.

38. ചട്ടം 4(11) പ്രകാരം പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസി പോലീസ് സൂപ്രണ്ടിന്റെയോ കമ്മീഷണറുടെയോ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ സ്വന്തംനിലയ്ക്ക് അന്വേഷണം നടത്തിയതിനുശേഷമോ സെക്യൂരിറ്റി ജീവനക്കാരന് സ്വഭാവവും പൂർവ്വചരിത്രവും സംബന്ധിച്ച സർട്ടിഫിക്കറ്റ് ഫാറം III-ൽ നൽകാമെന്നതിന്, പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസി സ്വന്തം അന്വേഷണത്തിന്റെ പിൻബലത്തിൽ സ്വഭാവസർട്ടിഫിക്കറ്റ് നൽകുന്നത് ഉചിതമാണോ എന്ന് സമിതി ആരാഞ്ഞിരുന്നു. കൂടാതെ, കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച മോഡൽ റൂൾസിലും അന്യസംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ച ചട്ടങ്ങളിലും ഏജൻസി അവരുടെ സ്വന്തംനിലയ്ക്കുള്ള അന്വേഷണം കൂടാതെ പോലീസ് സൂപ്രണ്ടിന്റെയോ കമ്മീഷണറുടെയോ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാന ത്തിൽ മാത്രമേ സ്വഭാവ സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളൂ എന്ന് നിബന്ധന വച്ചിട്ടുള്ളതായും സമിതി നിരീക്ഷിക്കുകയുണ്ടായി. ആയതിന്, ചട്ടം 4(11)-ൽ ആവശ്യമായ മാറ്റം വരുത്തേണ്ടതല്ലേയെന്ന സമിതിയുടെ ചോദ്യത്തിന് "either" എന്ന വാക്ക് മാറ്റി "both" എന്നാക്കുന്നതാണ് ഉചിതമെന്ന് നിയമവകുപ്പുദ്യോഗസ്ഥൻ മറുപടി നൽകുകയുമുണ്ടായി. ആയതിനാൽ, ചട്ടം 4(11) അപ്രകാരം ഭേദഗതി ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

39. പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികളിൽ പ്രൈവറ്റ് സെക്യൂരിറ്റി ജീവനക്കാരായി ജോലിചെയ്യാനാഗ്രഹിക്കുന്ന വ്യക്തികളുടെ സ്വഭാവവും പൂർവ്വചരിത്രവും അന്വേഷിക്കണ മെന്ന് ചട്ടം 4 അനുശാസിക്കുന്നു. എന്നാൽ, പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾ തന്നെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഇത് എത്രത്തോളം പ്രാവർത്തികമാക്കുന്നു എന്നതിൽ സമിതിക്ക് സംശയമുണ്ട്. സെക്യൂരിറ്റി ഏജൻസികൾ തങ്ങളുടെ സ്ഥാപനത്തിൽ ജോലിചെയ്യുന്നവരുടെ ബയോഡാറ്റ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ നിർബന്ധമായും ഹാജരാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും അങ്ങനെ ലഭിക്കുന്ന ബയോഡാറ്റകൾ പോലീസ് വകുപ്പ് തങ്ങളുടെ അധികാരമുപയോഗിച്ച് പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

40. ചട്ടം 4(3) പ്രകാരം പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസിക്ക് സ്വന്തം നിലയ്ക്കോ പോലീസ് സൂപ്രണ്ട് മുഖേനയോ ഒരു സെക്യൂരിറ്റി ജീവനക്കാരനായി ജോലി ചെയ്യാനാഗ്രഹിക്കുന്ന വ്യക്തിയുടെ പൂർവ്വപശ്ചാത്തലം അന്വേഷിക്കാവുന്നതാണ്. എന്നാൽ, അന്യസംസ്ഥാന തൊഴിലാളികളെ സെക്യൂരിറ്റി ജീവനക്കാരായി ജോലിക്ക്

പ്രവേശിപ്പിക്കുമ്പോൾ പാലിക്കേണ്ടതായ മാനദണ്ഡങ്ങൾ ഒന്നുംതന്നെ ഏജൻസികൾ പാലിക്കാറില്ലെന്നും അവരുടെ ബയോഡാറ്റ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ കൊടുക്കാറില്ലെന്നും സമിതിക്ക് തെളിവെടുപ്പുവേളകളിൽ ബോദ്ധ്യപ്പെട്ടിരുന്നു. അന്യസംസ്ഥാന തൊഴിലാളികളുടെ പൂർവപശ്ചാത്തലം സ്വന്തംനിലയിൽ അന്വേഷിക്കുന്നത് ഉചിതമാവില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ചട്ടം 4(3) പ്രകാരവും സംസ്ഥാനത്തിനു പുറത്തുനിന്നും സെക്യൂരിറ്റി ജീവനക്കാരായി വരുന്നവരെക്കുറിച്ചുള്ള പശ്ചാത്തലം അന്വേഷിക്കാൻ പോലീസിനെത്തന്നെ ചുമതലപ്പെടുത്തണമെന്ന് സമിതി ആവശ്യപ്പെടുകയുണ്ടായി. അതിനനുസരിച്ച് ചട്ടം 4 (3) ഭേദഗതി ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

41. കൺട്രോളിംഗ് അതോറിറ്റിയാണ് സംസ്ഥാനത്തിൽ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾക്ക് പ്രവർത്തിക്കാനുള്ള ലൈസൻസ് നൽകേണ്ടതെന്നതിനാലും ഈ ആക്റ്റിന്റെ നടത്തിപ്പു സംബന്ധിച്ച പ്രധാന ചുമതല കൺട്രോളിംഗ് അതോറിറ്റി ആയതിനാലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികളെക്കുറിച്ചുമുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഡാറ്റാബേസ് സൂക്ഷിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

42. കൂടാതെ, അംഗീകൃത പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികളുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

43. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികളെയും കുറിച്ച് പീരിയോഡിക്കൽ വെരിഫിക്കേഷൻ നടത്തണമെന്നും ഏജൻസികൾ ആക്റ്റിലെ 15-ാം വകുപ്പ് പ്രകാരവും 14-ാം ചട്ടപ്രകാരവും രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

44. സമിതിയുടെ കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിലെ തെളിവെടുപ്പുവേളകളിൽ അവിടെ ഹാജരായ സെക്യൂരിറ്റി ജീവനക്കാരും സംഘടനാ പ്രതിനിധികളും സമിതിമുൻപാകെ പറഞ്ഞത് കേരളത്തിൽ രജിസ്ട്രേഷനോടും അല്ലാതെയും പ്രവർത്തിക്കുന്ന പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികളിൽ വളരെക്കുറച്ച് ഏജൻസികൾ മാത്രമാണ് 8 മണിക്കൂർ ജോലിക്ക് നിയമമനുസരിച്ച് അടിസ്ഥാന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിശ്ചിത ജോലിസമയവും ഉറപ്പാക്കുന്നതെന്നും ഭൂരിപക്ഷം ഏജൻസികളിലും കൂടുതൽ സമയം ജോലിചെയ്യിപ്പിച്ചും, തുടർച്ചയായി രാത്രികളിൽ ഡ്യൂട്ടി ചെയ്യിച്ചും മിനിമം വേതനം നൽകാതെയും ജീവനക്കാരെ ചൂഷണത്തിന് വിധേയരാക്കുന്നുണ്ടെന്നുമാണ്. ഈ മേഖലയിൽ നിലനിൽക്കുന്ന ചൂഷണം കുറയ്ക്കണമെന്ന അഭ്യർത്ഥനയാണ് അവർ സമിതിമുൻപാകെ വച്ചത്. അന്യസംസ്ഥാനത്ത് നിന്നുള്ളവർ കുറഞ്ഞ വേതനത്തിൽ ജോലിചെയ്യാൻ സന്നദ്ധത കാണിക്കുന്നതിനാൽ അത്തരക്കാരെ അവരുടെ പൂർവ്വപശ്ചാത്തലം അന്വേഷിക്കാതെതന്നെ ഏജൻസികളിൽ ജോലിനൽകുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മിനിമം വേതനം ഉറപ്പാക്കിക്കൊണ്ട് എസ്.ആർ.ഒ. 736/2010 പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആക്റ്റിന്റെ ഷെഡ്യൂളിൽ ഒൻപത് ആക്റ്റുകളെക്കുറിച്ച് പരാമർശമുണ്ടെന്നും അവയിൽ പരാമർശിക്കുന്ന ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എല്ലാംതന്നെ സെക്യൂരിറ്റി ജീവനക്കാർക്കും ബാധകമാണെന്നും സമിതി

അഭിപ്രായപ്പെടുന്നു. മിനിമം വേതനവും പ്രസ്തുത ആനുകൂല്യങ്ങളും പ്രൈവറ്റ് സെക്യൂരിറ്റി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ തൊഴിലും പുനരധിവാസവും വകുപ്പ് സ്വീകരിക്കുകയും അത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**എം. ഉമ്മർ,**

*ചെയർമാൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 3.